# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2536

07-10-2016 ൽ മറുപടിയ്ക്ക്

### തുറമുഖങ്ങളെ ഗതാഗതത്തിനായി സജ്ജമാക്കാൻ പരിപാടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വിൻസെന്റ് :<br>ശ്രീ. പി.ടി.തോമസ് :<br>ശ്രീ. എ.പി.അനിൽ കുമാർ :<br>ശ്രീ. സണ്ണി ജോസഫ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളെ ഗതാഗതത്തിനായി സജ്ജമാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്, വിശദമാക്കുമോ ; | (എ) | കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നിർമ്മാണം, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. |
| (ബി) ഇതിനായി ഏതെല്ലാം തുറമുഖങ്ങളെയാണ് ഉപയോഗപ്പെടുത്തുന്നത്, വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | നിലവിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളാണ് ചരക്ക് കപ്പൽ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് ഉള്ളത്. 46 കോടി മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. M/s.മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി ചിലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. |
| (സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ തുറമുഖങ്ങളിൽ ഇതിനായി ഒരുക്കേണ്ടത്, വിവരിക്കുമോ; | (സി) | അപ്രോച്ച് ചാനൽ, ബേസിൻ, വാർഫ്, ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ, കപ്പലുകൾ വാർഫിലേക്ക് അടുപ്പിക്കുന്നതിനുള്ള ടഗ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഈ സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി തുറമുഖം പി.പി.പി മോഡലിൽ വികസിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാഗർമാല / ഭാരത്മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ